പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 730 — 07.11.2016-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യെ കടക്കെണിയിൽ നിന്നും രക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>" പി.ടി.എ. റഹീം<br>" എം. സ്വരാജ്<br>" പി.വി. അൻവർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി കൂടുതൽ കടമെടുത്ത് പെൻഷനും ശമ്പളവും നൽകേണ്ടി വരുന്ന സ്ഥിതിക്ക് മാറ്റമുണ്ടാക്കാൻ എന്തു പദ്ധതിയാണുള്ളതെന്നറിയിക്കുമോ; | (എ) യും (ബി) യും | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.എസ്.ആർ.ടി.സി.യെ നവീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് വരികയാണ്.<br>കെ.എസ്.ആർ.ടി.സി പ്രതിദിന വരുമാനം 7 കോടി രൂപയായി വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നുണ്ടെങ്കിലും, ചുരുക്കം ചില ദിവസങ്ങളിലും യാത്രക്കാർ കൂടുതൽ വരുന്ന ചില ഉത്സവ ദിനങ്ങളിലും മാത്രമാണ് ദിവസ വരുമാനം 7 കോടി രൂപയാകുന്നത്. ആഗസ്റ്റ് 2016-ലെ കണക്കനുസരിച്ച് ആകെയുള്ള 5840 ഷെഡ്യൂളുകളിൽ 3012 എണ്ണം 10,000/- രൂപക്ക് താഴെ വരുമാനം ലഭ്യമാക്കുന്നവയാണ്. ഇതിൽ 2866 എണ്ണം ഓർഡിനറി വിഭാഗത്തിൽപ്പെടുന്നവയാണ്. 10000/- രൂപയിൽ കുറഞ്ഞ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് രണ്ട് മാസത്തിനുള്ളിൽ ലാഭകരമാക്കുവാനുള്ള നിർദ്ദേശങ്ങൾ അതാത് യൂണിറ്റധികാരികൾക്ക് നൽകിയിട്ടുണ്ട്. നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സിസ്റ്റം പരിഷ്ക്കരിച്ച് മാൻ പവർ യൂട്ടിലൈസേഷൻ കൂട്ടുന്നതിനുള്ള നടപടികളും നടന്നു വരികയാണ്. തമിഴ്നാട്, കർണ്ണാടകഎന്നീ സംസ്ഥാനങ്ങളിലേയ്ക്കുള്ള |
| (ബി) | കടക്കെണിയിൽ നിന്നു സ്ഥാപനത്തെ രക്ഷിക്കാനും അതുവഴി ശമ്പളവും പെൻഷനും മുടങ്ങാതിരിക്കുവാനുമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ; | | |

| | | |
|---|---|---|
| | | അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതി നുള്ള നടപടികളും നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേ ക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നും 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. അതോടൊപ്പം റെയിൽവേ മാതൃകയിൽ തൽക്കാൽ സംവിധാനവും കഴിഞ്ഞ ഓണ ക്കാലം മുതൽ കെ.എസ്.ആർ.ടി.സി ഏർപ്പെ ടുത്തി കഴിഞ്ഞിട്ടുണ്ട്. കൂടാതെ കെ.എസ്. ആർ.ടി.സി ബസുകളിൽ ജി.പി.എസ്. / വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചി ട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗി ക്കുന്നതിന് വേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം - ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും, കെ.യു.ആർ.ടി.സി.യുടെ രണ്ട് ലോ ഫ്ളോർ എ.സി. വോൾവോ ബസുകളിലും ഘടിപ്പി ക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കു വാൻ ഉദ്ദേശിക്കുന്നു. കെ.എസ്.ആർ.ടി.സി. ക്ക് ടിക്കറ്റ് വരുമാനത്തിനു പുറമേ, ബസ് സ്റ്റേഷനുകളിലെ സ്റ്റാളുകൾ, ക്യാന്റീൻ, ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ എന്നിവ ലേലം/ടെണ്ടർ മുഖേന വാടകയ്ക്ക് നൽകി യും കെ.എസ്.ആർ.ടി.സി. ബസുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം പതിക്കുന്ന തിന് ടെണ്ടർ മുഖേന ലൈസൻസിയെ കണ്ടെത്തി നൽകിയത് വഴിയും, കോഫീ വെൻഡിംഗ് മെഷീൻ, എ.ടി.എം. എന്നിവ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുവാൻ സ്ഥലം |

വാടകയ്ക്ക് നൽകുന്നതിലൂടെയും കൊറിയർ സർവ്വീസ് നടത്തിയും കെ.എസ്.ആർ.ടി.സി.ക്ക് ടിക്കറ്റേതര വരുമാനം ലഭിച്ചു വരികയാണ്.

കെ.എസ്.ആർ.ടി.സി. ബസുകളിലെ ഇന്ധനം കംപ്രസ്ഡ് നാച്വറൽ ഗ്യാസ് (CNG) -ലേക്ക് മാറ്റുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സിയുടെ 1000 പുതിയ സി.എൻ.ജി ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും വായ്പയായി ലഭ്യമാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. നടപ്പുവർഷം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സി.എൻ.ജി. ബസിലേക്ക് മാറുമ്പോൾ കെ.എസ്.ആർ.ടി.സിയുടെ ചിലവ് കുറക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

കൂടാതെ കെ.എസ്.ആർ.ടി.സിയുടെ സമഗ്രമായ പഠനത്തിനും പുനഃസംഘടനയ്ക്കുമായി 24-09-16ലെ GO(Rt)No.367/2016/Tran പ്രകാരം കൊൽക്കത്ത ഐ.ഐ.എം.ലെ പ്രൊഫ. സുശീൽ ഖന്നയെ കൺസൽട്ടന്റ് ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനിക വത്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. മൈലേജ്, മെയിന്റൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.

| | | | |
|---|---|---|---|
| (സി) | അന്തർ സംസ്ഥാന റൂട്ടുകളിൽ സ്വകാര്യ ലക്ഷ്വറി ബസുകളുടെ സമാന്തര സർവ്വീസ് നിയമാനുസൃതമാണോ; ഇത് കെ.എസ്.ആർ.ടി.സി.യെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ നടപടിയുണ്ടാകുമോ; | (സി) | അന്തർ സംസ്ഥാന റൂട്ടുകളിൽ സ്വകാര്യ ലക്ഷ്വറി സർവ്വീസുകൾ നടത്തുന്നത് മോട്ടോർ വാഹന നിയമം സെക്ഷൻ 88(8), 88(9) എന്നിവ പ്രകാരം കരസ്ഥമാക്കുന്ന പെർമിറ്റുകളുടെ പിൻബലത്തിലാണ്.<br>ഇത്തരത്തിലുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ കോൺട്രാക്റ്റിൽ ഉൾപ്പെടാത്ത ആൾക്കാരെ വഴിയിൽ നിന്നും കയറ്റാനോ ഇറക്കാനോ പാടില്ലാത്തതാണ്. കൂടാതെ വ്യക്തികളിൽ നിന്നും ഒറ്റക്കൊറ്റയ്ക്കായി ചാർജ്ജും വാങ്ങാനാവില്ല.<br>എന്നാൽ നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് ധാരാളം സ്വകാര്യ അന്തർ സംസ്ഥാന ലക്ഷ്വറി ബസുകൾ സർവ്വീസ് നടത്തിവരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ഇത് കെ.എസ്.ആർ.ടി.സി.യെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാൻ മോട്ടോർ വാഹന വകുപ്പിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) | ദേശസാൽകൃത റൂട്ടുകളിലും അന്തർ സംസ്ഥാന റൂട്ടുകളിലും കൂടുതൽ ലക്ഷ്വറി ബസ് സർവ്വീസ് ആരംഭിച്ച് സമാന്തര സർവ്വീസുകളെ നിരുത്സാഹപ്പെടുത്താൻ നടപടിയെടുക്കുമോ? | (ഡി) | തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലേക്കുള്ള അന്തർ സംസ്ഥാന സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിലേക്കായി പുതിയ അന്തർ സംസ്ഥാന കരാറുകളിൽ എത്തിച്ചേരുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. അന്തർ സംസ്ഥാന സർവ്വീസുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി തിരക്കില്ലാത്ത ദിവസങ്ങളിൽ യഥാർത്ഥ നിരക്കിൽ നിന്നു 15 ശതമാനം ഇളവ് ഇപ്പോൾ അനുവദിച്ച് വരുന്നുണ്ട്. നവീകരണ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണ് കെ.എസ്.ആർ.ടി.സി ആധുനിക രീതിയിലുള്ള 18 സ്കാനിയ ബസുകൾ നിരത്തിലിറക്കിയിട്ടുള്ളത്. ഇവ പ്രധാനമായും അന്തർ സംസ്ഥാന - ദേശ |

| | | |
|---|---|---|
| | | സാൽകൃത ദീർഘദൂര റൂട്ടുകളിലാണ് സർവ്വീസ് നടത്തി വരുന്നത്. കൂടാതെ യാത്രക്കാർക്ക് മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിനായി എയർ സസ്പെൻഷനോടുകൂടിയ പുതിയതരം സൂപ്പർ ഡീലക്സ്, സൂപ്പർ എക്സ്പ്രസ് ബസ്സുകൾ നിരത്തിലിറക്കി സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. ഇതു വഴി നിയമപരമല്ലാതെ സർവ്വീസ് നടത്തുന്ന സമാന്തര സർവ്വീസുകളെ നിരുത്സാഹപ്പെടുത്തുന്നതിനാണ് കെ.എസ്.ആർ.ടി.സി ശ്രമിച്ച് വരുന്നത്.<br>കൂടാതെ കെ.എസ്.ആർ.ടി.സി ബസുകളിൽ ജി.പി.എസ്. / വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം (VTS) നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. യാത്രക്കാർക്ക് ഇന്റർനെറ്റ് ഉപയോഗിക്കുന്നതിന് വേണ്ടി വൈഫൈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എറണാകുളം - ബാംഗ്ലൂർ സർവ്വീസ് നടത്തുന്ന രണ്ട് മൾട്ടി ആക്സിൽ വോൾവോ ബസുകളിലും, കെ.യു.ആർ.ടി.സി.യുടെ രണ്ട് ലോ ഫ്ളോർ എ.സി. വോൾവോ ബസുകളിലും ഘടിപ്പിക്കുകയുണ്ടായി. ടി സംവിധാനം മറ്റ് പ്രധാന സൂപ്പർക്ലാസ് സർവ്വീസുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ